## പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1575 — 07.06.2018-ൽ മറുപടിക്ക്

### മത്സ്യഫെഡിനു കീഴിലെ പ്രാഥമിക സംഘങ്ങൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.പി.വി. അൻവർ | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | നിലമ്പൂർ നിയോജക മണ്ഡലത്തിൽ മത്സ്യഫെഡിനു കീഴിൽ പ്രവർത്തിക്കുന്ന പ്രാഥമിക സംഘങ്ങൾ ഉണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | മലപ്പുറം ജില്ലയിൽ മത്സ്യഫെഡിൽ അഫിലിയേഷനുള്ളതും പൊന്നാനി താലൂക്ക് ഒഴികെ പ്രവർത്തന പരിധിയായി കാണിച്ച് രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന തിരൂർ ഉൾനാടൻ മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘം (ക്ലിപ്തം) നമ്പർ എഫ്(എം) ഐ.36. നിലമ്പൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ടതാണ്. |
| (ബി) | പ്രാഥമിക സംഘങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടിക്രമങ്ങളെന്തൊക്കെയാണ്; ഉൾനാടൻ മത്സ്യ കർഷകരെയും പ്രസ്തുത സംഘത്തിൽ ഉൾപ്പെടുത്താനാകുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ബി) | പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ ആരംഭിക്കുന്നതിന് മത്സ്യ മേഖലയുമായും അനുബന്ധ തൊഴിൽ മേഖലയിലും പ്രവർത്തിക്കുന്ന വ്യത്യസ്ത കുടുംബത്തിൽ ഉൾപ്പെട്ട ഏറ്റവും ചുരുങ്ങിയത് 25 ആളുകൾ ചേർന്ന് 1969 ലെ കേരളാ സഹകരണ സംഘ നിയമം വകുപ്പ് 6 ചട്ടം 3 പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് കൊണ്ട് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന നിർദ്ദിഷ്ട സംഘത്തിന്റെ കരട് ബൈലാ പകർപ്പുകൾ, തുടങ്ങുവാൻ ഉദ്ദേശിക്കുന്ന സംഘത്തിന്റെ തുടർന്നുള്ള മൂന്ന് വർഷങ്ങളിലെ പ്രവർത്തനങ്ങൾ കാണിക്കുന്ന പ്രൊജക്ട് റിപ്പോർട്ട്, രജിസ്ട്രേഷൻ ഫീ ഒടുക്കിയതിന്റെ ചലാൻ രശീതി, കരട് ബൈലായിൽ ഒപ്പ് വച്ചിരിക്കുന്ന വ്യക്തികൾ വ്യത്യസ്ത കുടുംബത്തിൽപ്പെട്ട ആളുകളാണെന്ന സാക്ഷ്യപത്രം, സംഘത്തിന്റെ ആദ്യകാല പ്രവർത്തനങ്ങൾ നടത്തുന്നതിനായി അംഗങ്ങളിൽ നിന്നും തെരഞ്ഞെടുത്ത പ്രൊമോട്ടിംഗ് കമ്മിറ്റി അംഗങ്ങളുടെ പട്ടിക, അംഗമാകാൻ ഉദ്ദേശിക്കുന്നവരിൽ നിന്നും ശേഖരിക്കുന്ന ഓഹരി തുക, പ്രവേശന ഫീ എന്നിവ കാണിക്കുന്ന പട്ടിക എന്നിവ സഹിതം നിശ്ചിത ഫോറത്തിൽ ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർക്ക് അപേക്ഷ നൽകാവുന്നതാണ്.<br><br>ഉൾനാടൻ മത്സ്യകർഷകരേയും പ്രസ്തുത സംഘത്തിൽ അനുഭാവി അംഗമാക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ